# ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തീയ ജീവിതം

## അനുസരണയുള്ള ഒരു ജീവിതം യൂണിറ്റ് B

## പഠനം 1. യേശു കർത്താവാണ്

പേര്:

**വായിക്കുക: യോഹന്നാൻ 13:12–17**

**താക്കോൽവാക്യം: യോഹന്നാൻ 14:15**

**"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും"**

അതെ, യേശുകർത്താവാണ്. നാം ഇപ്പോൾ ക്രിസ്ത്യാനികളായിരിക്കുമ്പോൾ യേശു നമുക്ക് അപ്രകാരമാണ് ആയിരിക്കേണ്ടത്. അവൻ നമ്മുടെ കർത്താവും യജമാനനും ആയിരിക്കണം. അത് അടിസ്ഥാനമായി അർത്ഥമാക്കുന്നത് നാം അവനെ അനുസരിക്കണം എന്നാണ്. അത് പ്രാവർത്തികമാക്കേണ്ടത് ബൈബിൾ പറയുന്ന കാര്യങ്ങൾ അനുസരിക്കുന്നതിലൂടെയും യേശുവിനെ രക്ഷിതാവ് എന്നു മാത്രമല്ലാതെ കർത്താവ് എന്ന് അംഗീകരിക്കുമ്പോഴാണ്.

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം:

**1. വിശ്വാസികളായിരിക്കണം.**

ഇത് ഒരു തരത്തിൽ വളരെ വ്യക്തമാണ് കാരണം നാം ക്രിസ്ത്യാനികളായിത്തീർന്നത് യേശുകർത്താവിൽ വിശ്വസിച്ചതിലൂടെയാണ് *(അപ്പൊ. പ്ര 16:31)*. എന്നാൽ മറ്റനേക കാര്യങ്ങൾ അനുസരിക്കുന്നതാണ് വിശ്വാസത്തിന്റെ ആദ്യ പടി. ദൈവവചനത്തിൽ വിശ്വസിക്കുന്നതും അത് പ്രാവർത്തികമാക്കുന്നതും ആദിമ ക്രിസ്ത്യാനികളെ സംബന്ധിച്ച് വളരെ പ്രാധാന്യമേറിയതായിരുന്നു. അതുകൊണ്ടാണ് അവരെ 'വിശ്വാസികൾ' എന്ന് അറിയപ്പെട്ടത്. പൗലോസ് തന്റെ യുവസുഹൃത്തായിരുന്ന തിമൊഥെയോസിനോട് ***'വിശ്വാസികൾക്ക് മാതൃകയായിരിക്കുക'*** എന്ന് എഴുത്തിലൂടെ പ്രോത്സാഹിപ്പിച്ചു *(1 തിമൊഥെയൊസ് 4:12)*.

**2. അനുകാരികളായിരിക്കണം.**

ഇതിന്റെ അർത്ഥം 'അനുയായികൾ' അഥവാ 'പകർത്തുന്നവൻ' എന്നാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ വിശ്വാസികൾ ദൈവത്തെ അനുകരിക്കുന്നവൻ (അഥവാ പകർത്തുന്നവൻ) ആയിരിക്കണം. ഇത് ചെയ്യുന്നത് നാം കൂടുതൽ അവനെപ്പോലെയാകുവാനാണ്. പൗലോസ് എഫെസൊസിലുള്ള സഭയ്ക്ക് ഇപ്രകാരം എഴുതി- "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ" (എഫെസ്യർ 5:1) അവർ മറ്റ് വിശ്വാസികളേയും അനുകരിക്കേണ്ടതാണ്. പൗലോസ് തെസ്സലോനിക്യയിലുള്ള വിശ്വാസികളേയും ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ് ***"ബഹുകഷ്ടം സഹിക്കേണ്ടി വന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായിത്തീർന്നു (1 തെസ്സലോനിക്യർ 1:6)***

**2. ശിഷ്യന്മാരായിരിക്കണം.**

ശിഷ്യൻ എന്ന വാക്കിന്റെ അർത്ഥം 'ഒരു വിദ്യാർത്ഥി' എന്നാണ്. പുതിയനിയമകാലത്ത് ഒരു ഗുരുവിന് അനേക കൂട്ടം ശിഷ്യന്മാർ ഉണ്ടായിരുന്നു അവർ അദ്ദേഹത്തിൽ നിന്നും പഠിക്കുകയും ജീവിതത്തിൽ പ്രവർത്തിക്കുകയും ചെയ്തു പോന്നു. ശിഷ്യന്മാർ ഗുരുവിന്റെ പിന്നാലെ വെറുതെ നടന്ന് മാത്രമല്ല അനുഗമിച്ചത് ഗുരു പഠിപ്പിക്കുന്ന കാര്യങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടു വരുമ്പോഴാണ് ഒരാൾ ശിഷ്യനായിത്തീരുന്നത്. ഗുരു തന്റെ ശിഷ്യന്മാരെ അഭ്യസിപ്പിക്കുകയും അതിനുശേഷം അവർ മറ്റുള്ളവരെ ശിഷ്യന്മാരാക്കി പഠിപ്പിക്കുകയുമാണ് ചെയ്തിരുന്നത്. ഒരു ശിഷ്യൻ എന്ന നിലയിൽ നിങ്ങൾ ഗുരുവിനെ ശ്രദ്ധിക്കുകയും, വീക്ഷിക്കുകയും തന്നിൽ നിന്ന് പഠിക്കുകയും അദ്ദേഹത്തെപ്പോലെയാകുകയും വേണം.

യേശുകർത്താവിന് അനേകം ശിഷ്യന്മാർ ഉണ്ടായിരുന്നു, അവരിൽ നിന്നും തന്നോടു കൂടെ വസിക്കേണ്ടതിന് വളരെ പ്രത്യേകമായി പന്ത്രണ്ട് പേരെ തിരഞ്ഞെടുത്തു. ഈ പന്ത്രണ്ടുപേരും അവരുടെ സമയം മുഴുവനും യേശുവിനൊപ്പം ചിലവഴിച്ചു അവരൊക്കെയും രണ്ട് ഉദ്ദേശ്യങ്ങളോടെയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

1. ***അവനോട് കൂടെ വസിക്കുന്നതിനും***
2. ***അവരെ പ്രസംഗിക്കുവാൻ അയക്കുന്നതിനും (മർക്കോസ് 3:14)***

അവനോട് കൂടെ വസിക്കുക എന്നത് പഠനത്തിന്റെ ഭാഗവും, പ്രസംഗിക്കുവാൻ അയക്കുന്നത് 'അഭ്യസനത്തിന്റെ' ഭാഗവുമായിരുന്നു. തന്റെ സന്ദേശമായിരുന്നു അവർ പോയി പ്രസംഗിക്കേണ്ടിയിരുന്നത്. പിന്നീട് യേശുകർത്താവ് താൻ തിരികെ സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് മുമ്പ് താൻ തന്റെ ശിഷ്യരോട് ഇപ്രകാരം കല്പിച്ചു. ***"നിങ്ങൾ പുറപ്പെട്ട് സകല ജാതികളെയും ശിഷ്യരാക്കി.... ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിക്കുകയും ചെയ്‌വിൻ" (മത്തായി 28:19 – 20).***

**4. ദാസന്മാർ ആയിരിക്കണം.**

ദാസന്മാർ എന്ന നിലയിൽ നാം നമ്മുടെ യജമാനനെ അനുസരിക്കേണ്ടത് ആവശ്യമാണ്. നാം ക്രിസ്ത്യാനികളാവുന്നതിന് മുമ്പ് നാം പാപത്തിന്റെയും പിശാചിന്റെയും ദാസന്മാരായിരുന്നു. എന്നാൽ യേശുകർത്താവ് നമ്മെ സ്വതന്ത്രരാക്കി പക്ഷെ അത് നമ്മുടെ സ്വന്ത കാര്യങ്ങൾ ചെയ്യുന്നതിനും നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുവാനുമല്ല. നാം കർത്താവിന്റെ ദാസന്മാരായിരിക്കുവാനാണ് അവൻ നമ്മെ സ്വതന്ത്രരാക്കിയത്. ***"നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരിന്ത്യർ 6:19&20).*** യേശുകർത്താവ് ജനങ്ങളോട് പറഞ്ഞ ഒരു കാര്യം ഇപ്രകാരമാണ് "നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നതെന്ത്? (ലൂക്കോസ് 6:46) ഒരിക്കൽ താൻ തന്നെത്തന്നെ വിശ്വാസികളുടെ ***"കർത്താവും ഗുരുവെന്നും" വിശേഷിപ്പിക്കുകയുണ്ടായി (യോഹന്നാൻ 13:14).*** യേശുകർത്താവ് സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്റെ ഉത്തമനായ ദാസനായിരുന്നു, താൻ തന്റെ പിതാവിന് ഇഷ്ടമുള്ള കാര്യങ്ങളാണ് ചെയ്തിരുന്നത്. താൻ തന്നെത്തന്നെ നമുക്ക് ഒരു മാതൃകയാക്കി വെച്ചു. നാമും അവന്റെയും ദൈവത്തിന്റെയും ദാസന്മാരായിരിക്കേണ്ടതാണ്. ദാസൻ യജമാനനെക്കാളും വലിയവനല്ല. നാം അവനെ അനുസരിക്കുവാൻ കടപ്പെട്ടവരാണ്. ***"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" എന്ന് യേശുകർത്താവ് പറയുകയുണ്ടായി (യോഹന്നാൻ 14:15).*** ദാസന്മാർ എന്ന നിലയിൽ നാം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് കർത്താവിനോട് കണക്കു ബോധിപ്പിക്കേണ്ടവരാണ്. ദാസന്മാർ എന്ന നിലയിൽ നാം ദൈവത്തെ വിശ്വസ്തതയോടും നിസ്വാർത്ഥതയോടും സേവ ചെയ്യേണ്ടവരാണ്. അങ്ങനെയെങ്കിൽ ഒരിക്കൽ നാം സ്വർഗ്ഗത്തിൽ എത്തുമ്പോൾ ഇപ്രകാരം കേൾക്കുവാൻ ഇടയാകും ***"നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ... നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" (മത്തായി 25:23).***

അപ്പൊസ്തലനായ പൗലോസ് ദൈവത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു യഥാർത്ഥ വിശ്വാസിയുടെ ദൈവത്തോടുള്ള ബന്ധത്തെക്കുറിച്ച് താൻ ഇപ്രകാരം പറയുകയുണ്ടായി ***"എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനുമായ ദൈവം" (അപ്പൊസ്തലപ്രവൃത്തികൾ 27:23).*** താൻ രക്ഷിക്കപ്പെട്ടവനാണെന്നും തന്റെ ശരീരവും ദേഹിയും ദൈവത്തിനുള്ളതാണെന്നുമുള്ള തിരിച്ചറിവ് ഉണ്ടാകുകയും തനിക്ക് ദൈവത്തെ സേവിക്കുവാനും അനുസരിക്കുവാനും മനസ്സുണ്ടായി. അവൻ സേവ ചെയ്യുവാനായി രക്ഷിക്കപ്പെട്ടു. നിങ്ങളും അങ്ങനെതന്നെയാണ്.

**1** **എന്തുകൊണ്ടാണ് ക്രിസ്ത്യാനികളെ ബൈബിളിൽ 'വിശ്വാസികൾ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത്?** ........................

........................................................................................................................ (2)

........................................................................................................................

**2** **A. അപ്പൊസ്തലപ്രവൃത്തികൾ 11:25&26 പ്രകാരം വിശ്വാസികൾ ഏതു പട്ടണത്തിൽ വെച്ചാണ് ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്?**........................................................................................

**B. ക്രിസ്ത്യാനി എന്ന വാക്ക് അർത്ഥമാക്കുന്നത് എന്ത്?** ........................................................ (3)

........................................................................................................................

**3** **"അനുഗമിക്കുന്നവൻ" എന്ന വാക്കിന്റെ അർത്ഥം വിവരിച്ചശേഷം ഈ പ്രയോഗം ഒരു ക്രിസ്ത്യാനിക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുന്നതെങ്ങനെയെന്ന് നിർദ്ദേശിക്കുക.** ..........................................................

........................................................................................................................ (3)

........................................................................................................................

**4** **A. യേശുകർത്താവ് തന്റെ 12 ശിഷ്യന്മാരെ തിരഞ്ഞെടുത്തതിനുള്ള രണ്ട് ഉദ്ദേശ്യങ്ങൾ എന്തെല്ലാം എന്ന് എഴുതുക.**

........................................................................................................................

**B. 12 ശിഷ്യന്മാരിലെ നാലു പേരുടെ പേരുകൾ എഴുതുക (മർക്കോസ് 3:16 – 19).** (4)

........................................................................................................................

**5** **ഒരു ശിഷ്യൻ ഒരു വിദ്യാർത്ഥിയാണ്.**

i. അവൻ എങ്ങനെയാണ് പഠിക്കുന്നത് എന്ന് വിവരിക്കുക ..........................................................

........................................................................................................................

ii. അവൻ പഠിച്ചശേഷം എന്താണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്?..................................................

iii. ഈ കാര്യം ഈ കാലയളവിലെ ക്രിസ്തീയ ജീവിതത്തിൽ എപ്രകാരം പ്രായോഗികമാക്കാം?

........................................................................................................................ (6)

........................................................................................................................

**6** **1 കൊരിന്ത്യർ 6:19 – 20 വായിച്ചശേഷം ഉത്തരമെഴുതുക.**

i. കൊരിന്തിലുള്ള വിശ്വാസികളോട് "നിങ്ങൾ നിങ്ങൾക്കുള്ളവരല്ല" എന്ന് എഴുതിയതിലൂടെ പൗലോസ് എന്താണ്അർത്ഥമാക്കിയത്?........................................................................................................

........................................................................................................................

ii. ഈ കാലയളവിലെ യുവതലമുറക്ക് എപ്രകാരമാണ് ദൈവത്തെ തങ്ങളുടെ ശരീരം കൊണ്ട് 'മഹത്വപ്പെടുത്തുവാൻ" കഴിയുന്നത്?

........................................................................................................................ (4)

........................................................................................................................

**7** **യേശുവിനെ നിങ്ങളുടെ ജീവിതത്തിന്റെ കർത്താവാക്കുന്നതിൽ അർത്ഥമാക്കുന്നത് എന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.** ........................................................................................ (3)

........................................................................................................................

**തുടർമാനമായി യേശുകർത്താവിനെ സേവിക്കുന്ന ഏതെങ്കിലും രീതി നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ അതെക്കുറിച്ച് ഞങ്ങളോട് പറയുക.** ........................................................................

........................................................................................................................

25

ആകെ മാർക്ക്

## ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തീയ ജീവിതം

## അനുസരണയുള്ള ഒരു ജീവിതം യൂണിറ്റ് B

### പഠനം 2. സ്നാനപ്പെടുക

പേര്:

**വായിക്കുക: അപ്പൊസ്തലപ്രവൃത്തികൾ 2: 36–47**

**താക്കോൽവാക്യം: മത്തായി 28:19**

**"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും.....**

***അപ്പൊസ്തലപ്രവൃത്തികൾ** 2:41*–ൽ നാം വായിക്കുന്നത് ഒരു ദിവസം തന്നെ 3,000 പേർ ക്രിസ്ത്യാനികളായി എന്നാണ്. അവിടെ നടന്ന കുറേ കാര്യങ്ങളും നമുക്ക് വളരെ പ്രാധാന്യമേറിയതാണ് കാരണം ആദിമക്രിസ്ത്യാനികൾ എന്താണ് ചെയ്തു പോന്നിരുന്നത് എന്നത് അത് വെളിപ്പെടുത്തുന്നു.

**1. അവർ സന്തോഷത്തോടെ അവന്റെ വചനം കൈകൊണ്ടു.**

അവർ പത്രോസിന്റെ സന്ദേശം കേൾക്കുകയും അത് അംഗീകരിക്കുകയും അതിനനുസരണമായി പ്രവർത്തിക്കുകയും ചെയ്തു എന്നാണ് ഇത് അർത്ഥമാക്കുന്നത്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ അവൻ കർത്താവിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങളെല്ലാം അവർ വിശ്വസിച്ചു എന്നാണ്. പത്രോസ് അവരോട് ചെയ്യുവാൻ പറഞ്ഞ കാര്യങ്ങളും അവർ ചെയ്തു. യേശുകർത്താവിനെക്കുറിച്ചുള്ള അവരുടെ മനസ്ഥിതിക്ക് മാറ്റം വരികയും അവൻ "***കർത്താവും ക്രിസ്തുവുമാണെന്ന്***" അവർ വിശ്വസിക്കുകയും ചെയ്തു. അവർ ആ സന്ദേശം സ്വീകരിക്കുകയും യേശുവിനെ ക്രിസ്തു എന്ന് അംഗീകരിക്കാതെയിരുന്ന പാപത്തെക്കുറിച്ച് അനുതപിക്കുകയും അവർ രക്ഷിക്കപ്പെടുകയും ചെയ്തു.

**2. അവർ സ്നാനമേറ്റു**

സ്നാനം ഈ വ്യക്തികളെ സംബന്ധിച്ച് പ്രാധാന്യമേറിയതാണ്. ഇത് ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് അനുസരണത്തിന്റെ ഒരു പ്രവർത്തിയായി ഇന്നും തുടരുന്നു. സ്നാനപ്പെടുക എന്നത് എന്താണെന്ന് വളരെ വ്യക്തമായി നാം ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

***ആരെല്ലാമാണ് സ്നാനപ്പെട്ടത്? "അവന്റെ വചനം സന്തോഷത്തോടെ കൈകൊണ്ടവർ" (അപ്പൊ.പ്ര 2:41).*** വിശ്വാസികളാണ് സ്നാനമേറ്റത്. സുവിശേഷത്തോടുള്ള ഒന്നാമത്തെ അനുസരണം മാനസാന്തരമാണ്. രണ്ടാമത്തെ പടിയെന്നത് വിശ്വാസം അഥവാ യേശുകർത്താവിലുള്ള ആശ്രയമാണ്. ബൈബിളിൽ അവനിൽ വിശ്വസിക്കുകയെന്നത് സ്നാനപ്പെടുന്നതുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്നു. അവിശ്വാസികളല്ല മറിച്ച് വിശ്വാസികളാണ് സ്നാനപ്പെട്ടത് എന്ന് പലപ്പോഴും ഊന്നിപ്പറഞ്ഞിരിക്കുന്നു. ഒരു വ്യക്തി ഒരു വിശ്വാസിയായി മാറുന്നത് സ്നാനപ്പെടുന്നതിന് മുമ്പാണ്. അതിനുശേഷമോ അതോടൊപ്പമോ അല്ല എന്നത് വളരെ വ്യക്തമാണ്. യേശുകർത്താവിന്റെ പ്രവൃത്തിയിലുള്ള നമ്മുടെ വിശ്വാസമാണ് നമ്മെ ക്രിസ്ത്യാനികളാക്കുന്നത് അല്ലാതെ നമ്മുടെ സ്നാനമല്ല. സ്നാനം എന്നത് നമുക്ക് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഫലമാണ് അല്ലാതെ അതിന്റെ കാരണമല്ല.

***അവർ എപ്രകാരമാണ് സ്നാനപ്പെട്ടത്?*** സ്നാനം എന്ന വാക്ക് പുതിയനിയമം എഴുതപ്പെട്ട ഗ്രീക്ക് ഭാഷയിൽ അർത്ഥമാക്കുന്നത് 'മുങ്ങുക' അഥവാ 'പൂർണ്ണമായും വെള്ളത്തിനുള്ളിലാവുക' എന്നാണ്. നിങ്ങൾക്ക് നിങ്ങളുടെ കയ്യിലുള്ള വെള്ള തൂവാല നീലയാക്കണമെങ്കിൽ നിങ്ങൾ എന്താണ് ചെയ്യുന്നത്? കടയിൽ പോയി നീലനിറം വാങ്ങിയ ശേഷം അത് വെള്ളത്തിൽ കലക്കും എന്നിട്ട് നീലനിറം കലക്കിയ വെള്ളത്തിൽ നിങ്ങളുടെ കയ്യിലെ വെളുത്ത തൂവാല മുക്കും. അതേപോലെ നിങ്ങൾക്ക് ഒരു ചെറിയ തുണിക്കഷണം 'സ്നാനപ്പെടുത്തണമെങ്കിൽ' നിങ്ങൾ അത് വെള്ളത്തിൽ മുക്കുന്നു. അങ്ങനെ ആദ്യകാല വിശ്വാസികൾ തങ്ങൾ ക്രിസ്ത്യാനികളായിത്തീർന്നശേഷം വെള്ളത്തിൽ മുങ്ങുന്നു. ഇതേകാര്യം തന്നെയാണ് നിർജ്ജനപ്രദേശത്തുവെച്ച് എത്യോപ്യയിൽ നിന്നുള്ള മനുഷ്യന് സംഭവിച്ചത് ***(അപ്പൊ.പ്ര 8:36–38).*** ഫിലിപ്പോസിന്റെ പ്രസംഗം അവൻ കേൾക്കുകയും അത് വിശ്വസിക്കുകയും പിന്നീട് സ്നാനപ്പെടുകയും ചെയ്തു. അവർ ആ നിർജ്ജനപ്രദേശത്ത് വെള്ളമുള്ള സ്ഥലത്ത് എത്തിയപ്പോൾ അവനും ഫിലിപ്പോസും "***ഇരുവരും വെള്ളത്തിൽ ഇറങ്ങി***" അവൻ അതിൽ സ്നാനമേറ്റു.

**അവർ എന്തിനാണ് സ്നാനമേറ്റത്?** യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് വിട്ട് സ്വർഗ്ഗാരോഹണം ചെയ്യുന്നതിന്റെ തൊട്ടുമുമ്പ് താൻ അവരോട് പറഞ്ഞതുകൊണ്ടാണ് അവർ വെള്ളത്താൽ സ്നാനമേറ്റത്, "**നിങ്ങൾ പുറപ്പെട്ട്... ശിഷ്യരാക്കികൊൾവിൻ... സ്നാനം കഴിപ്പിച്ചും" (മത്തായി 28:19).** യെരുശലേമിലുള്ള പുതുവിശ്വാസികളോട് സ്നാനമെടുക്കാൻ പറയുന്നതിലൂടെ പത്രോസ് യേശുകർത്താവിന്റെ ഈ കല്പനയെ അനുസരിക്കുകയായിരുന്നു. അവരുടെ സ്നാനം അനുസരണത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു. എല്ലാ ക്രിസ്ത്യാനികളും ഇപ്രകാരം അനുസരണമുള്ളവൻ ആയിരിക്കണം.

**സ്നാനത്തിന്റെ ആത്മീയ അർത്ഥം എന്ത്?** ഒരു വിശ്വാസി വെള്ളത്തിൽ മുങ്ങുമ്പോഴും വെള്ളത്തിനടിയിലേക്ക് പോകുമ്പോഴും വെള്ളത്തിൽ നിന്നും പുറത്തു വരുമ്പോഴും താൻ വിശ്വസിക്കുന്ന കാര്യത്തെ ആലങ്കാരികമായി പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത്. പൗലോസ് ***1 കൊരിന്ത്യർ 15:3&4–ൽ എഴുതിയിരിക്കുന്നു "ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി മരിച്ചു അടക്കപ്പെട്ടു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു"*** ഒരു ക്രിസ്ത്യാനി സ്നാനപ്പെടുമ്പോൾ തന്റെ രക്ഷയുടെ അടിസ്ഥാനമായിരിക്കുന്ന യേശുക്രിസ്തുവിന്റെ മരണവും അടക്കവും ഉയിർത്തെഴുന്നേപ്പിലുള്ള വിശ്വാസത്തെയാണ് പ്രകടമാക്കുന്നത്.

**3. അവർ മനസ്സിലാക്കാൻ തുടങ്ങി.**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ശേഷം അവർ യേശുകർത്താവിന്റെ ഉപദേശത്തെക്കുറിച്ച് മനസ്സിലാക്കുവാൻ തുടങ്ങി. അവരെ പഠിപ്പിച്ചിരുന്നത് അപ്പൊസ്തലൻ ആയിരുന്നു. അപ്പൊസ്തലന്മാർ യേശുകർത്താവിനൊപ്പം ഉണ്ടായിരുന്നവരും അവൻ പഠിപ്പിച്ചത് കേട്ടിട്ടുള്ളവരും ആയിരുന്നു. അങ്ങനെ ആ പുതുവിശ്വാസികൾ "***അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു പോന്നു" (അപ്പൊസ്തലപ്രവൃത്തികൾ 2:42).*** മറ്റൊരു തരത്തിൽ പറഞ്ഞാൽ അവർ ആദിമസഭയുടെ പഠനകൂടിവരവുകളിൽ പങ്കുകൊള്ളുകയും ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള കാര്യങ്ങൾ പഠിച്ചും പോന്നു.

നിങ്ങൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് നല്ലതു തന്നെ. ഇപ്പോൾ താങ്കൾ ഒരു ക്രിസ്ത്യാനിയായിത്തീർന്നിരിക്കുന്നു. താങ്കൾ സുവിശേഷം അനുസരിച്ചിരിക്കുന്നു. ഇതാണ് ആദ്യപടി. രണ്ടാമത്തെ പടി സ്നാനപ്പെടുക എന്നുള്ളതാണ്. പുതിയനിയമം പഠിപ്പിക്കുന്ന പ്രകാരം വിശ്വാസികളുടെ സ്നാനം പ്രാവർത്തികമാക്കുന്ന ഒരു സഭയെക്കുറിച്ച് നിങ്ങൾ അടുത്തെവിടെയെങ്കിലും ഒന്ന് അന്വേഷിക്കുക, കഴിയുമെങ്കിൽ അവരുടെ കൂടിവരവുകൾക്കും വചനശുശ്രൂഷകൾക്കും പോകുക. പഠിക്കുക, പ്രവർത്തിക്കുക അങ്ങനെയെങ്കിൽ നിങ്ങളും മറ്റുള്ളവരെ പഠിപ്പിക്കുവാൻ തക്കവണ്ണം കഴിവുള്ളവരായിത്തീരും.

**1** **A.** **മാനസാന്തരം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?** ........................................

..........................................................................................

..........................................................................................

**B.** **യെരുശലേമിലുള്ള യെഹൂദന്മാരെ സംബന്ധിച്ച് മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യം എന്തായിരുന്നു? (അപ്പൊസ്തലപ്രവൃത്തികൾ 2:36 – 38 കാണുക)** ........................................

..........................................................................................

**C.** **നാം മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യം എന്ത്?** ........................................

..........................................................................................

.......................................................................................... 6

**2** **A.** **സ്നാനം എന്ന വാക്കുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?** ........................................

..........................................................................................

..........................................................................................

**B.** **അപ്പൊസ്തലപ്രവൃത്തികൾ 8:36 – 38 – ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം എത്യോപ്യക്കാരനായ ആ മനുഷ്യന്റെ സ്നാനത്തെക്കുറിച്ച് ലഘുവായി വിവരിക്കുക.** ........................................

.......................................................................................... 4

..........................................................................................

**3** **യേശുകർത്താവിങ്കലുള്ള വിശ്വാസം നിശ്ചയമായും സ്നാനത്തിന് മുമ്പ് വരേണ്ടത് ആവശ്യമാണ്. ഈ പ്രസ്താവനയെ ശരിവെയ്ക്കുന്ന ഒരു വാക്യം വായനാഭാഗത്തു നിന്നും എടുത്തെഴുതുക.**

.......................................................................................... 2

..........................................................................................

**4** **ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ചുരുക്കം വാക്കുകളിൽ ഉത്തരമെഴുതുക.**

i. ആരാണ് സ്നാനപ്പെടേണ്ടത്? ........................................

ii. എങ്ങിനെയാണ് അവർ സ്നാനപ്പെടേണ്ടത്? ........................................

iii. എന്തുകൊണ്ടാണ് അവർ സ്നാനപ്പെടേണ്ടത്? ........................................ 4

iv. സ്നാനം എന്തിനെയാണ് ചിത്രീകരിച്ചിരിക്കുന്നത്? ........................................

**5** **ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നാം പഠിക്കുകയും അനുസരിക്കുകയും ചെയ്യണം ആത്മീയമായി ഒരു യുവവിശ്വാസിക്ക് എപ്രകാരം വളർന്നു വരാം എന്നതിന് ചില വഴികൾ നിർദ്ദേശിക്കുക.** ........................................

.......................................................................................... 3

..........................................................................................

**6** **ഒരു വ്യക്തിയുടെ വ്യക്തിപരവും സ്വകാര്യവുമായ വിശ്വാസത്തെ സമൂഹത്തിന് മുമ്പാകെ വെളിപ്പെടുത്തുന്നതാണ് സ്നാനം. ഈ പ്രസ്താവന നിങ്ങൾ പഠിച്ച ഭാഗത്തു നിന്നും വിവരിക്കുക.**

..........................................................................................

.......................................................................................... 3

..........................................................................................

**7** **'അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ തുടർന്നു പോന്നു' (അപ്പൊ. പ്ര 2:42) എന്നതുകൊണ്ട് എന്താണ് ഉദ്ദേശിച്ചത്?**

..........................................................................................

.......................................................................................... 3

..........................................................................................

**25**
ആകെ മാർക്ക്

# ക്രിസ്തീയ ജീവിതം

**അനുസരണയുള്ള ഒരു ജീവിതം** **യൂണിറ്റ് B**

## പഠനം 3. കൂട്ടായ്മ

പേര്:

**വായനാഭാഗം: അപ്പൊസ്തലപ്രവൃത്തികൾ 2:41 – 47; 20:6 – 12**

**താക്കോൽവാക്യം: എബ്രായർ 10:24 – 25**

**"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചും കൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കാൻ അന്യോന്യം സൂക്ഷിച്ചുകൊൾക"**

ആദ്യകാല വിശ്വാസികൾ ചെയ്ത മറ്റു രണ്ടു കാര്യങ്ങളെക്കുറിച്ച് അപ്പൊസ്തലപ്രവൃത്തികൾ 2 - ലെ വായനാഭാഗം വ്യക്തമാക്കുന്നു.

**അവർ പരസ്പരം കൂട്ടായ്മ ആചരിച്ചിരുന്നു.**

അവർ പരസ്പരം കൂടുതൽ സമയം ചിലവഴിച്ചു എന്നാണ് ഇതു കൊണ്ട് അർത്ഥമാകുന്നത്. അവർ വിശ്വാസികളും അവർക്ക് എല്ലാം പൊതുവായി കണക്കാക്കിയിരുന്നു. അവർ ദൈവത്തെ സ്നേഹിച്ചു അവർ പരസ്പരം സ്നേഹിക്കുകയും പരസ്പരം സമയം ചിലവഴിക്കുകയും ചെയ്തിരുന്നു. ഈ പുതുവിശ്വാസികൾ തങ്ങളുടെ ഭക്ഷണവും ഭവനവും ധനവും ദൈവത്തെക്കുറിച്ചുള്ള ജ്ഞാനവും എല്ലാം പങ്കുവെച്ചിരുന്നു.

എന്നാൽ '*കൂട്ടായ്മ*' എന്ന വാക്ക് മറ്റു ചില കാര്യങ്ങൾ കൂടെയും അർത്ഥമാക്കുന്നു കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ അവരെല്ലാവരും ഒരേ വിശ്വാസത്തിന്റെ ഗണത്തിൽ നിന്നുള്ളവരായിരുന്നു അഥവാ ഒരു "*സഭ*" യായിരുന്നു. ***വാക്യം 47*** ഈ കാലയളവിൽ ഏതെങ്കിലും ഒരു കെട്ടിടം മതപരമായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചാലും അതിനെ പലപ്പോഴും "സഭ" എന്ന് വിളിക്കപ്പെടുന്നു. ഉദാഹരണത്തിന് നാം ആരെയെങ്കിലും എവിടേക്കെങ്കിലും വഴി പറഞ്ഞു കൊടുക്കുകയാണെങ്കിൽ നാം ഇങ്ങനെ പറയാറുണ്ട്. "നേരെ താഴോട്ടുള്ള വഴിയിൽ ചെന്ന് സഭ (പള്ളി) യുടെ അവിടെ നിന്നും ഇടത്തോട്ടു പോവുക" എന്നാൽ അപ്പൊസ്തലപ്രവൃത്തികൾ എഴുതപ്പെട്ട ഭാഷയായ ഗ്രീക്കിൽ സഭ എന്ന വാക്കിന്റെ ശരിയായ അർത്ഥം "കൂട്ടം, സഭ" എന്നൊക്കെയാണ്. അതുകൊണ്ട് സഭ എന്നു പറയപ്പെടേണ്ടത് കെട്ടിടത്തെയല്ല മറിച്ച് വ്യക്തികളെയാണ്. അങ്ങനെ പുതിയതായി വന്ന എല്ലാ വിശ്വാസികളും ഒരുമിച്ച് ഒരു സഭയായി കൂടി വന്നു. അവർ പരസ്പരം കൂട്ടായ്മയിൽ ആയിരുന്നു. ഒരു പുതു വിശ്വാസി എന്ന നിലയിൽ നിങ്ങൾ യേശുക്രിസ്തുവിനെ തലയായി അംഗീകരിക്കുന്നതും തങ്ങളുടെ എല്ലാ വിശ്വാസങ്ങളും പുതിയനിയമത്തിന്റെ അടിസ്ഥാനത്തിലുമായിരിക്കുന്ന ഒരു സഭയെ കണ്ടെത്തേണ്ടത് ആവശ്യമാണ്. നിങ്ങൾ അവരുടെ ആരാധനാ സമയങ്ങളിലും പ്രാർത്ഥനയ്ക്കും പഠനത്തിനും നിങ്ങളാൽ കഴിയും വിധം പങ്കെടുക്കേണ്ടതുമാണ്.

**അവർ അപ്പം നുറുക്കുന്നതിലും പ്രാർത്ഥനയിലും തുടർന്നുപോന്നു.**

ആദിമകാലത്ത് വിശ്വാസികൾക്കുണ്ടായിരുന്ന വളരെ പ്രധാനപ്പെട്ട രണ്ട് കൂടിവരവുകളായിരുന്നു ഇവ രണ്ടും. അവർ '**അപ്പം നുറുക്കുവാൻ ഒരുമിച്ചു കൂടി വന്നിരുന്നു**' ***(അപ്പൊസ്തലപ്രവൃത്തികൾ 20:7). ഈ 'അപ്പം നുറുക്കൽ'*** ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിൽ നിന്നും വ്യത്യാസമുള്ളതാണെന്ന് ഇപ്പോൾ നമുക്ക് അറിയാം കാരണം ***അപ്പൊസ്തലപ്രവൃത്തികൾ 2:42 – 47***- ൽ വിവരിക്കുന്നത് "***അപ്പം നുറുക്കുന്നതിനോടൊപ്പം അവർ വീടുതോറും അപ്പം നുറുക്കി എന്നാണ്"*** അപ്പം നുറുക്കലിനെ '***കർത്താവിന്റെ അത്താഴം' (1കൊരിന്ത്യർ 11:20)*** എന്നും പറയുന്നു. ഈ സമയങ്ങളിലാണ് വിശ്വാസികൾ ഒരുമിച്ചുകൂടി യേശുകർത്താവിന്റെ ഓർമ്മയ്ക്കായി അപ്പം നുറുക്കുകയും പാനപാത്ര (വീഞ്ഞ്) ത്തിൽ നിന്ന് കുടിക്കുകയും ചെയ്യുന്നത്. താൻ മരിക്കുന്നതിനുമുമ്പ് തന്റെ ശിഷ്യന്മാരോട് കല്പിച്ചിരുന്നതുകൊണ്ടാണ് അവർ ഇങ്ങനെ ചെയ്തിരുന്നത്. ***"എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വിൻ" (ലൂക്കോസ് 22:19; 1 കൊരിന്ത്യർ 11:23 – 26) കാണുക.***

അവർ പ്രാർത്ഥനയ്ക്കായും ഒരുമിച്ചു കൂടിയിരുന്നു. പ്രാർത്ഥനയെന്നാൽ ദൈവത്തോടു സംസാരിക്കുക എന്നാണ്. നാം ദൈവവചനം വായിക്കുമ്പോഴാണ് ദൈവം നമ്മോട് സംസാരിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിലുള്ള കാര്യങ്ങൾ സ്വകാര്യമായി ദൈവത്തോട് പറഞ്ഞ് നിങ്ങൾ സ്വയമായി പ്രാർത്ഥിക്കുന്നതാണ് നല്ലത്. എന്നാൽ മറ്റു ക്രിസ്ത്യാനികൾക്കൊപ്പം ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്നതും നല്ലതാണ്. ***അപ്പൊസസ്തലപ്രവൃത്തികൾ 4:23 – 31; 12:12 – 16*** വാക്യങ്ങളിലാണ് ആദ്യത്തെ ചില പ്രാർത്ഥനാ കൂടിവരവുകളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്.

ഒന്നാം നൂറ്റാണ്ടിലെ ഈ വിശ്വാസികളുടെ ഉദാഹരണത്തിൽ നിന്നും നാം കാണുന്നത് നാമും സ്നാനപ്പെട്ട ശേഷം വിശ്വാസികളുടെ ഗണത്തിൽ കൂടി വരണം എന്നാണ് ദൈവവും ആഗ്രഹിക്കുന്നത് എന്നു മനസ്സിലാക്കാം. നാം അവർക്കൊപ്പം കൂട്ടായ്മയിലാകുമ്പോൾ നാമും അപ്പം നുറുക്കുകയും ഉപദേശം ശ്രദ്ധിക്കുകയും പ്രാർത്ഥനയ്ക്ക് കൂടി വരുകയും ചെയ്യും. നാം ഇങ്ങനെ ചെയ്താൽ നാം വളരുകയും നാം മറ്റുള്ളവരെ വളരുവാൻ സഹായിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുകയും ചെയ്യുന്നവരാകും. ഈ പഠനത്തിലെ വായനാഭാഗമായ ***അപ്പൊസ്തലപ്രവൃത്തികൾ 20***- ൽ നാം കാണുന്നത് അനേക വർഷങ്ങൾക്കുശേഷം ഇപ്പോഴും അവർ ***അപ്പൊസ്തലപ്രവൃത്തി 2 – ൽ*** പറഞ്ഞിരിക്കുന്ന ആദിമകാല ക്രിസ്ത്യാനികളുടെ മാതൃക പിന്തുടർന്നുവെന്നാണ്. പൗലോസ് അവിടെ സന്ദർശനത്തിന് വന്നപ്പോൾ അവർ ഒരുമിച്ച് കൂടി ഞായറാഴ്ച ദിവസം "***അപ്പം നുറുക്കുവാനും***" ദൈവവചനത്തിൽ നിന്നും ശ്രവിക്കുവാനും ഒരുമിച്ച് കൂടി വരുന്നത് കാണുവാനിടയായി.

ഒരു ക്രിസ്ത്യാനിയായിത്തീരുക എന്നു പറഞ്ഞാൽ നാം ഒരു കുടുംബത്തിലെ അംഗങ്ങളായി എന്നാണ്. നമുക്ക് മറ്റുള്ള ക്രിസ്ത്യാനികളുടെ സഹകരണവും സുഹൃദ്ബന്ധവും വേണ്ടത് വളരെ അത്യാവശ്യമാണ്. ആദിമ വിശ്വാസികളുടെ അനുസരണവും പ്രവൃത്തികളും നമുക്ക് ഇന്ന് നല്ലൊരു മാതൃകയാണ്. എന്നാൽ ഒരു ക്രിസ്തീയ ജീവിതം നയിക്കുക എന്നു പറയുന്നത് കൂടി വരവുകൾക്കൊക്കെയും പങ്കെടുക്കുന്നതിലും അപ്പുറമാണ്. അതാണ് ക്രിസ്തീയ ജീവിതത്തിന്റെ പരസ്യമായ വശം. എന്നാൽ സ്വകാര്യമായ വശം എന്നത് ദൈവത്തോടൊപ്പമുള്ള ജീവിതമാണ്. അതിനെക്കുറിച്ച് നാം മുമ്പോട്ട് പഠിക്കുന്നതാണ്.

**പഠനം 3.** കൂട്ടായ്മ

**1** **A. ഇന്ന് സഭ എന്നു പറയുമ്പോൾ കൂടുതൽ ആളുകളും എന്തിനെക്കുറിച്ചാണ് ചിന്തിക്കുന്നത്?**

..................................................................................................................................

**B. സഭ എന്ന വാക്കിന്റെ പുതിയനിയമത്തിലുള്ള അർത്ഥം എന്താണ്?** 2

..................................................................................................................................

**2** **ആദിമകാല വിശ്വാസികളെ സംബന്ധിച്ച് 'കൂട്ടായ്മ' എന്നാൽ എന്താണ് അർത്ഥമാക്കിയിരുന്നത് എന്നു വിവരിക്കുക.**

..................................................................................................................................

.................................................................................................................................. 3

..................................................................................................................................

**3** **A. തങ്ങളുടെ പരസ്പര സ്നേഹം ഏത് പ്രായോഗിക വഴിയിലാണ് അവർ വെളിപ്പെടുത്തിയത് (അപ്പൊസ്തലപ്രവൃത്തികൾ 2:44 – 45; 4:34 – 35 കാണുക)**

..................................................................................................................................

..................................................................................................................................

**B. ക്രിസ്തീയ കൂട്ടായ്മ കൊണ്ടും സുഹൃദ് ബന്ധങ്ങൾ കൊണ്ടും ഉള്ള ഫലങ്ങൾ എന്തൊക്കെയാണെന്നാണ് നിങ്ങൾ കരുതുന്നത്?** 4

..................................................................................................................................

..................................................................................................................................

**4** **"അപ്പം നുറുക്കൽ" യേശുകർത്താവ് പരിചയപ്പെടുത്തിയ ഒരു കാര്യമാണ്. 1 കൊരിന്ത്യർ 11:23 – 26 വായിച്ചശേഷം ചുവടെയുള്ളവയ്ക്ക് ചുരുക്കമായി ഉത്തരം എഴുതുക.**

i. എപ്പോഴാണ് അത് താൻ പരിചയപ്പെടുത്തി കൊടുത്തത്? ........................................

ii. അപ്പം എന്തിനെ സൂചിപ്പിക്കുന്നു എന്നാണ് താൻ പറയുകയുണ്ടായത്? ........................................

iii. താൻ പാനപാത്രത്തെക്കുറിച്ച് പറഞ്ഞതെന്താണ്? ........................................

iv. എന്തിനാണ് ക്രിസ്ത്യാനികൾ അപ്പത്തിലും പാനപാത്രത്തിലും പങ്കാളിയാകുന്നത്? ........................................ 5

v. ഇത് എപ്പോൾ വരെയാണ് തുടർമാനമായി ചെയ്യേണ്ടിയിരുന്നത്? ........................................

**5** **ശരിയോ തെറ്റോ എന്നെഴുതുക**

പുതിയനിയമത്തിൽ വിശ്വാസികളെ വെള്ളം അവരുടെ തലയിൽ തളിച്ച് സ്നാനപ്പെടുത്തിയിരുന്നു. ..........................

യേശുകർത്താവിലുള്ള എല്ലാ വിശ്വാസികളും സ്നാനമേൽക്കണം. ..........................

ക്രിസ്ത്യാനികൾ ഒരുമിച്ച് കൂടി വരണം എന്നുള്ളത് ദൈവത്തിന്റെ ഇഷ്ടമാണ്. ..........................

ബൈബിളിൽ "സഭ" എന്നു പറഞ്ഞിരിക്കുന്നത് എപ്പോഴും മതപരമായ ആവശ്യങ്ങൾക്ക് കൂടിവരുന്ന ഒരു കെട്ടിടത്തെയാണ്. .......................... 5

ദൈവത്തോട് പ്രാർത്ഥിക്കുന്നത് ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളുടെ ജീവിതത്തിലെ പ്രത്യേകതയായിരുന്നു. ..........................

**6** **6. "നാം ഒരുമിച്ചു കൂടുന്നത്" ഉപേക്ഷ വിചാരിക്കരുത് എന്നു പറയുന്നതിനുള്ള ചില കാരണങ്ങൾ നിർദ്ദേശിക്കുക (താക്കോൽ വാക്യം കാണുക)** .................................................................................... 3

..................................................................................................................................

**7** **അപ്പൊസ്തലപ്രവൃത്തികൾ 4:23 – 31 ലെ ഒരു പ്രാർത്ഥനാ കൂടി വരവ് ശ്രദ്ധിക്കുക.**

i. കൂട്ടാളികൾ എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണ്? ........................................

ii. അവർ ഒരുമിച്ചു പ്രാർത്ഥിച്ചു എന്നത് സൂചിപ്പിക്കുന്ന ഏതു വാചകമാണ് 24-ാം വാക്യത്തിലുള്ളത്? ........................................

iii. ഈ പ്രാർത്ഥനാ കൂടിവരവിന്റെ മൂന്ന് ഫലങ്ങൾ എന്തെല്ലാം?.................................................... 3

..................................................................................................................................

..................................................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തീയ ജീവിതം

**അനുസരണമുള്ള ഒരു ജീവിതം    യൂണിറ്റ് B**

## പഠനം 4. മറ്റുള്ളവരോട് പറയുക

പേര്:

**വായനാഭാഗം: യോഹന്നാൻ 4:16 – 30**

**താക്കോൽവാക്യം: അപ്പൊസ്തലപ്രവൃത്തികൾ 1:8**

**"നിങ്ങൾ യെരുശലേമിലും യെഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകും"**

ക്രിസ്ത്യാനികൾ യേശുകർത്താവിന്റെ ശിഷ്യന്മാർ അഥവാ അനുഗാമികളാണ് ***അപ്പൊസ്തലപ്രവൃത്തികൾ 2***-ലെ മാതൃകയനുസരിച്ച് യേശുകർത്താവിന്റെ കല്പന അനുസരിച്ച് സ്നാനപ്പെടേണ്ടതും ഒരു സ്ഥലം സഭയിലുള്ള ക്രിസ്ത്യാനികളോട് ചേർന്ന് അപ്പം നുറുക്കുവാനും, ദൈവവചന പഠനത്തിനും പ്രാർത്ഥനയ്ക്കും കൂടിവരേണ്ടത് ആവശ്യമാണ് എന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നതിന് മുമ്പ് യേശുകർത്താവ് നമുക്ക് മറ്റൊരു കല്പന കൂടെ നൽകി. അവൻ ഇപ്രകാരം പറഞ്ഞു "***നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16:15).***

**വ്യക്തമായി മനസ്സിലാക്കിയ ഒരു സ്ത്രീ.**

***യോഹന്നാൻ 4***–ൽ യേശുകർത്താവ് ശമര്യയിലെ സുഖാർ എന്ന പട്ടണത്തിൽ വെച്ച് ഒരു സ്ത്രീയെ കണ്ടുമുട്ടി. അവൻ അവളോട് സംസാരിക്കുകയും അവൻ പറഞ്ഞ കാര്യങ്ങൾ അവൾ വിശ്വസിക്കുകയും ചെയ്തു. അവൾ അവനിൽ അത്ഭുതപ്പെടുകയും അവൾ പട്ടണത്തിൽ കടന്നു ചെന്ന് ജനങ്ങളോട് യേശുകർത്താവിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു."***ഞാൻ ചെയ്തത് ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ***" എന്നാൽ സത്യത്തിൽ അവൾ യേശുകർത്താവിനെക്കുറിച്ച് പറഞ്ഞില്ല മറിച്ച് യേശുകർത്താവിനെ കേൾക്കുവാൻ അവരെ ക്ഷണിക്കുകയാണ് ചെയ്തത് *(വാക്യം 29)*. ജനങ്ങളോടുള്ള അവളുടെ സാക്ഷ്യത്തിന്റെയും ക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ "***അവർ പട്ടണത്തിൽ നിന്ന് പുറപ്പെട്ട് അവന്റെ അടുക്കൽ വന്നു***" (വാക്യം 29). പിന്നീട് നാം വായിക്കുന്നത് "***ആ സ്ത്രീ പറഞ്ഞ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ ശമര്യരും അവനിൽ വിശ്വസിച്ചു" (വാക്യം 39).***

**സൗഖ്യമാക്കപ്പെട്ട ഒരു മനുഷ്യൻ**

യേശുകർത്താവിനാൽ സൗഖ്യമാക്കപ്പെട്ട പ്രാകൃതനായ ഒരു ഭൂതഗ്രസ്തനെക്കുറിച്ച് നാം ***മർക്കോസ് 5***-ൽ വായിക്കുന്നു. അവൻ യേശുവിനോടൊപ്പം പോകുവാൻ ആഗ്രഹിച്ചു. എന്നാൽ യേശു അവനോട് ഇപ്രകാരം പറഞ്ഞു, "***നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന് കർത്താവ് നിനക്കു ചെയ്തത് ഒക്കെയും പ്രസ്താവിക്ക". തത്ഫലമായി "എല്ലാവരും ആശ്ചര്യപ്പെട്ടു"*** എന്ന് അവന് പറയുവാൻ കഴിഞ്ഞു ***(മർക്കോസ് 5:18 – 20).***

**കഷ്ടത നേരിട്ട ജനം**

യെരുശലേമിലുള്ള ക്രിസ്ത്യാനികൾക്ക് തങ്ങളുടെ വിശ്വാസം മൂലമുണ്ടായ പീഢനം കാരണം പലരും അവിടം വിട്ട് യെഹൂദ്യയിലേക്കും ശമര്യയിലേക്കും പോയതിനെക്കുറിച്ച് ***അപ്പൊസ്തലപ്രവൃത്തി 8 – ൽ രേഖപ്പെടുത്തിയിരിക്കുന്നു (വാക്യം 1).***

അവർ തങ്ങളുടെ വിശ്വാസം ഹേതുവായി പീഢനം അനുഭവിച്ച് തങ്ങളുടെ ഭവനങ്ങൾ ഉപേക്ഷിക്കേണ്ടി വന്നുവെങ്കിലും ചിതറിപ്പോയെ ക്രിസ്ത്യാനികൾ "***വചനം സുവിശേഷിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു" (വാക്യം 4).***



"യെരുശലേമിലും യൂഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."

വീണ്ടും ജനിക്കുന്നതിന്റെയും ശിഷ്യനായിത്തീരേണ്ടതിന്റേയും ഒരു ഫലം എന്നത് യേശുകർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാനുള്ള അതിയായ ആഗ്രഹമാണ് എന്നതാണ് ഈ മൂന്ന് ഉദാഹരണങ്ങളും വെളിപ്പെടുത്തുന്നത്.

***റോമർ 10:13 – ൽ*** കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്ന മനോഹരമായ ഒരു വാഗ്ദത്തം ഉണ്ട്. എന്നാൽ അടുത്ത വാക്യം ചില അർത്ഥവത്തായ ചോദ്യങ്ങൾ ഉന്നയിക്കുന്നു "***എന്നാൽ അവൻ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും?" അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? (വാക്യം 14).*** അതുകൊണ്ട് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് മറ്റുള്ളവരും രക്ഷിക്കപ്പെടുവാൻ തക്കവണ്ണം നാമും അവനെക്കുറിച്ച് മറ്റുള്ളവരോട് പറയണം എന്നാണ്.

***അപ്പൊസ്തലപ്രവൃത്തികൾ 2 – ൽ*** പത്രോസ് ചെയ്തതുപോലെ നാം എല്ലാവരും എഴുന്നേറ്റു നിന്ന് പ്രസംഗിക്കുന്നവരല്ല. എന്നാൽ ശമര്യയിലെ സ്ത്രീയും ***മർക്കോസ് 5***-ലെ സൗഖ്യം പ്രാപിച്ച മനുഷ്യനും ഒരു പ്രസംഗമൊന്നും നടത്തിയിട്ടുണ്ടാവില്ല. യേശുകർത്താവ് തങ്ങൾക്ക് എന്താണ് ചെയ്തത് എന്ന കാര്യമാണ് അവർ മറ്റുള്ളവരോട് പറഞ്ഞത്. ഇത് ആർക്കും ചെയ്യാവുന്നതാണ്.

നിങ്ങൾക്ക് സുഹൃത്തുക്കളായിട്ടോ, കുടുംബാംഗങ്ങളായിട്ടോ, അയൽക്കാരായിട്ടോ രക്ഷിക്കപ്പെടാത്തവരുണ്ടോ? അവരോട് കർത്താവിനെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും പറയുവാനുള്ള അവസരം ഉണ്ടാക്കേണ്ടതും അവരെ ദൈവവചനം കേൾക്കുവാനായി കൂടിവരവുകൾക്ക് ക്ഷണിക്കേണ്ടതുമാണ്. ചിലപ്പോൾ ആളുകൾ നാം പറയുന്നത് ശ്രദ്ധിക്കുകയില്ല ചിലപ്പോൾ അവർ പരിഹസിച്ചു എന്നും വന്നേക്കാം എന്നാൽ ദൈവം മറ്റുള്ളവരോട് പറയുവാനാണ് നമ്മോട് കല്പിച്ചിരിക്കുന്നത് അത് നാം അനുസരിക്കുക തന്നെ വേണം. നിങ്ങളുടെ സാക്ഷ്യം മുഖാന്തിരം മറ്റുള്ളവർ ക്രിസ്ത്യാനികളായിത്തീർന്നാൽ അത് അത്ഭുതമായ ഒരു കാര്യമല്ലേ?

**ന്യൂലൈഫ്**
# പ്രവൃത്തി പരിചയം



**പഠനം 4.** മറ്റുള്ളവരോട് പറയുക

**1** മർക്കോസ് 16:15-ൽ പറഞ്ഞിരിക്കുന്ന വാക്കുകളെ അറിയപ്പെടുന്നത് വലിയ നിക്ഷേപം എന്നാണ്. യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞ കാര്യങ്ങൾ നിങ്ങളുടെ വാക്കുകളിൽ ചുരുക്കമായി എഴുതുക. ................................

............................................................................................................................................

............................................................................................................................................ 3

**2** യോഹന്നാൻ 4:23-30 വീണ്ടും വായിക്കുക

i. യേശു മശിഹാ (ക്രിസ്തു) ആണെന്ന് ആ സ്ത്രീ ഉറപ്പാക്കിയത് പ്രധാനമായും എന്തിന്റെ അടിസ്ഥാനത്തിലാണ്?

............................................................................................................................................

............................................................................................................................................

ii. ആ പട്ടണത്തിലെ പുരുഷാരത്തിന് ഈ സ്ത്രീയുടെ വാക്കുകൾ എപ്രകാരമുള്ള മാറ്റമാണ് ഉണ്ടാക്കിയത്?

............................................................................................................................................

............................................................................................................................................

iii. യോഹന്നാൻ 4:42-ൽ ആ പട്ടണത്തിലെ പുരുഷാരം യേശുവിന് എന്ത് പേരാണ് നൽകിയത്? 5

............................................................................................................................................

**3** A. നാം ആർക്കാണ് സാക്ഷികളായിരിക്കേണ്ടത്? (അപ്പൊസ്തലപ്രവൃത്തികൾ 1:8) ..........................................

B. രക്ഷയുടെ വഴിയെക്കുറിച്ച് അന്വേഷിക്കുന്നവർക്ക് നാം ആരെയാണ് ചൂണ്ടിക്കാണിക്കേണ്ടത് (അപ്പൊസ്തലപ്രവൃത്തികൾ 8:35). ..........................................................................................................

C. മറ്റുള്ളവരോട് സുവിശേഷം അറിയിക്കുന്നതിന്റെ പ്രാധാന്യം എന്ത്? ..................................................

D. യേശുകർത്താവിനെക്കുറിച്ച് നമ്മുടെ സുഹൃത്തുക്കളോട് പറയുന്നതിനുള്ള അവസരങ്ങൾ പലപ്പോഴും നഷ്ടപ്പെടുത്തുന്നതിന്റെ ചില കാരണങ്ങൾ നിർദ്ദേശിക്കുക. ...............................................................................

............................................................................................................................................ 6

**4** A. വിശ്വാസത്തിനുവേണ്ടി പീഢനം സഹിക്കുക എന്നു പറഞ്ഞാൽ എന്താണ്?......................................

B. ഒരു യുവവിശ്വാസി തന്റെ സ്കൂളിലോ, ജോലിസ്ഥലത്തോ കോളേജിലോ എപ്രകാരമാണ് കഷ്ടം അനുഭവിക്കേണ്ടി വരുന്നത്?..........................................................................................................

C. നാം ഉപദ്രവിക്കപ്പെടുമ്പോൾ യേശുകർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ വാഗ്ദത്തത്തെ ഓർക്കേണ്ടതാണ് (മത്തായി 28:19-20) ആ വാഗ്ദത്തം ചുവടെ എഴുതുക. ............................................................... 6

............................................................................................................................................

**5** A. യേശുകർത്താവിനുവേണ്ടി അപ്പൊസ്തലന്മാർ ഏതൊക്കെ സ്ഥലങ്ങളിലാണ് സാക്ഷികളാവേണ്ടത് എന്ന് താക്കോൽ വാക്യത്തിൽ നിന്നും കണ്ടെത്തിയെഴുതുക. ......................................................................

B. ദൂരെ സ്ഥലങ്ങളിലേക്ക് പോയി സുവിശേഷം അറിയിക്കുന്ന ക്രിസ്തീയ വിശ്വാസികൾക്ക് സാധാരണ പറയുന്ന പേര്?

C. നിങ്ങൾക്ക് അറിയാവുന്നതോ കേട്ടിട്ടുള്ളതോ വായിച്ചിട്ടുള്ളതുമായ അങ്ങനെയുള്ള ഒരു വ്യക്തിയെക്കുറിച്ച് ഒരു വാചകം എഴുതുക. ..................................................................................................

............................................................................................................................................

യേശുകർത്താവ് നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്ന കാര്യം ചുവടെ കൊടുത്തിരിക്കുന്ന സ്ഥലത്തോ മറ്റൊരു പേപ്പറിലോ എഴുതുക.......................................................................................................... 5

............................................................................................................................................

............................................................................................................................................

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org